തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 5 വർഷം പൂർത്തിയാക്കിയ, 60 വയസ്സ് കഴിഞ്ഞ, മറ്റൊരു പെൻഷനും ലഭിക്കാത്ത മുൻ ജനപ്രതിനിധികൾക്ക് ഉപാധികളോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണ്.

(18) ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് ലഭ്യമാക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, രാജാവിൽനിന്നും ദേവസ്വത്തിന് ഇനാമായി കിട്ടിയ ഭൂമിയാണ് ഇനാം ഭൂമി എന്നു പറയുന്നത്. ആ ഭൂമി പിൽക്കാലത്ത് കുടികിടപ്പുകാർക്കും സാധാരണക്കാർക്കുമായി കൊടുത്തിരിക്കുകയാണ്. അവർക്ക് ലഭിച്ച പട്ടയമാണ് ഇനാം പട്ടയം. കുറെ നാളുകളായി ആ പട്ടയം ലഭിച്ച സാധാരണക്കാരായ ആളുകൾക്ക് അത് പോക്കുവരവ് നടത്തി കിട്ടുന്നില്ല. അതുകൊണ്ട് ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് നടത്തി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർവ്വീസ് ഇനാം പട്ടയം കൈവശമുള്ളവർക്ക് ടി ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 21-2-2009-ലെ ഉത്തരവുപ്രകാരം 31-11-2011 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു. മേൽ തീയതിക്കുശേഷം ലഭിച്ച പട്ടയ അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി പട്ടയം അനുവദിച്ചിട്ടുള്ളതായും നിലവിൽ 500-ലധികം അപേക്ഷകൾ വിവിധ ഇനാം സെറ്റിൽമെന്റ് ഓഫീസുകളിലായി തീർപ്പാക്കാൻ അവശേഷിച്ചിട്ടുള്ളതായും കൂടാതെ സമയപരിധി കഴിഞ്ഞതിനാൽ അപേക്ഷകൾ നിരസിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഉള്ളതായും ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമയപരിധി 31-12-2015 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 1-12-2001-നും ടി വിജ്ഞാപനം നിലവിൽ വന്ന 28-11-2014-നും ഇടയ്ക്കുള്ള കാലയളവിൽ സർവ്വീസ് ഇനാം പട്ടയങ്ങൾ അനുവദിച്ചു നല്കിയ നടപടി അടിയന്തരമായി സാധൂകരിക്കുന്നതാണ്.

(19) കൃഷിനാശം ഉണ്ടാകുന്നവർക്ക് ധനസഹായം

ശ്രീ. സണ്ണി ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലം വീട്, വസ്തുവകകൾ കൃഷി, എന്നിവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കെല്ലാം നല്കുന്ന നഷ്ടപരിഹാര സംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് 2014 ഓഗസ്റ്റ് 21-ൽ 361-ാം നമ്പരായി ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിന്റെ പ്രത്യേകത 16-1-2014-ന്റെ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുമെന്നതാണ്. പ്രകൃതിക്ഷോഭം വഴി പൂർണ്ണമായി വീട് നഷ്ടപ്പെടുന്ന ആളുകളുണ്ട്. മണ്ണാലിപ്പും ഉരുൾപൊട്ടലും വഴി കൃഷിസ്ഥലങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന ആളുകൾക്ക് നല്കിവരുന്ന നഷ്ടപരിഹാരസംഖ്യ വർദ്ധിപ്പിക്കണം എന്ന ആവശ്യം നിലനിൽക്കെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉത്തരവിനെ കൂട്ട് ചെയ്യുകൊണ്ട് ഇത് ഗണ്യമായി കുറച്ചിട്ടുള്ളത്. ഉദാഹരണത്തിന് മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ വഴി ഒരു ഹെക്ടർ ഭൂമി നഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക് നല്കുന്ന നഷ്ടപരിഹാരം 25,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. അതുകൂടാതെ 25,000 രൂപയ്ക്ക് താഴെയായും നിജപ്പെടുത്തിയിരിക്കുന്നു. വീട് പൂർണ്ണമായും നഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക് നല്കുന്നത് 1,00,000 രൂപയായിരുന്നുവെങ്കിൽ അത് 70,000 രൂപയായി കുറച്ചിരിക്കുന്നു. അതുപോലെ severely damaged houses അതിന് 17,600 രൂപയായി കുറച്ചിരിക്കുന്നു. ഭാഗികമായി നഷ്ടപ്പെടുന്ന വീടുകൾക്ക് 12,600 രൂപ, 3,800 രൂപ എന്നിങ്ങനെ വളരെ താഴ്ചമായിട്ടുള്ള സംഖ്യ നല്കുന്നതിനുള്ള ഒരു ഉത്തരവാണ് നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയിടങ്ങൾക്കും സ്ഥലത്തിനും അതുപോലെ മറ്റ് കാർഷികോല്പന്നങ്ങൾ, റബ്ബർ, കശുമാവ്, തെങ്ങ് എന്നിവയ്ക്കും നല്കിവരുന്ന നഷ്ടപരിഹാരസംഖ്യയും വന്യമൃഗങ്ങളുടെ ശല്യങ്ങൾ വഴിയും പ്രകൃതിക്ഷോഭങ്ങൾ വഴിയും ഉണ്ടാകുന്ന നഷ്ടത്തിനും നല്കിവരുന്ന നഷ്ടപരിഹാരസംഖ്യ ഗണ്യമായി വെട്ടിക്കുറച്ചത് വളരെ തെറ്റായിട്ടുള്ള നടപടിയാണ്. ആ നടപടി പുനഃപരിശോധിച്ച് ഈ സംഖ്യ ഉയർത്താൻ ആവശ്യമായിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. മാന്വലിലെ ഏഴാം ഖണ്ഡിക പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ദുരന്തപ്രതികരണനിധി ഉപയോഗിക്കാവൂ എന്നാണ്. അപ്രകാരം നിശ്ചയിക്കപ്പെട്ട തുകയെക്കാൾ അധികരിച്ച തുക അനുവദിക്കേണ്ടിവരികയാണെങ്കിൽ അധികമായി വേണ്ടിവരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നും എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. എന്നിവയിൽ വകയിരുത്താൻ ആവില്ലായെന്നും നിഷ്കർഷിച്ചിരിക്കുന്നു. മാത്രമല്ല എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. എന്നിവയിൽ നിന്നും നഷ്ടപരിഹാരം നല്കുവാൻ വ്യവസ്ഥയില്ല. മറിച്ച് പ്രകൃതിദുരന്തംമൂലം കഷ്ടതയനുഭവിക്കുന്നവർക്ക് ഒരു അടിയന്തരസഹായം എന്നുള്ള നിലയിൽ ആശ്വാസധനസഹായം നല്കുവാൻ മാത്രമാണ് വ്യവസ്ഥയുള്ളത്. അതോടൊപ്പം തന്നെ ഓരോ വകുപ്പുകളും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വാർഷിക

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പ്രത്യേക ഇക വകയിരുത്തണമെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നതിന് വിള ഇൻഷുറൻസ്, കാർഷിക കടാശ്വാസം മുതലായ പദ്ധതികൾ കൃഷി വകുപ്പിൽ നിലവിലുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ചു മാത്രമേ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും ധനസഹായം അനുവദിക്കുവാൻ കഴിയുകയുള്ളൂ. എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. മാനദണ്ഡത്തിന് ഉപരിയായി കർഷകർക്ക് ധനസഹായം നൽകേണ്ടി വന്നാൽ അധിക ഇക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. മാനദണ്ഡത്തെ അധികരിച്ച് കർഷകർക്ക് ധനസഹായം നല്കുന്നതിന് ദുരന്തനിവാരണ വകുപ്പിൽ മറ്റ് ഫണ്ട് ലഭ്യമല്ല. എസ്.ഡി.ആർ.എഫ്.-ൽ നിന്നും മാനദണ്ഡത്തിന് വിരുദ്ധമായി ധനസഹായം അനുവദിക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷനും കേന്ദ്രധനസഹായം തടയുന്നതിനും കാരണമാകും. അത്തരത്തിൽ നല്കുന്ന ഇക തിരിച്ചടയ്ക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നുണ്ട്. കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയുകയുള്ളൂ. നിലവിൽ 21-8-2014-ലെ ജി.ഒ.(എം.എസ്.) 361/2014/ഡി.എം.ഡി. ആണ് പ്രാബല്യത്തിലുള്ളത്.

(20) മിച്ചഭൂമി പ്രശ്നം പരിഹരിച്ച് കർഷകർക്ക് പട്ടയം നൽകൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി-വണ്ടാഴി പഞ്ചായത്തുകളിലെ മലയോര കൃഷിക്കാരുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1962 മുതൽ പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ തെന്മല മലയോര മേഖലയിൽ കുടിയേറിയ കൃഷിക്കാരുടെ ഭൂമിയിലുള്ള അവകാശം ആലത്തൂർ ലാന്റ് ബോർഡ് വിധിയിലൂടെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഭൂപരിഷ്കരണ നിയമത്തിന്റെകൂടെ തങ്ങൾക്ക് അനുവദിച്ചുകിട്ടേണ്ട ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. 1500 ഓളം കുടുംബങ്ങളെ നേരിട്ട് ഈ ഭൂപ്രശ്നം ബാധിക്കുന്നുണ്ട്. ഇതുപ്രകാരം യു.ടി.ടി. കമ്പനിക്ക് പാട്ടം കൊടുത്ത് കൃഷി ചെയ്തവരും കമ്പനിയിൽനിന്ന് തീറുവില കൊടുത്ത് ആധാരംചെയ്ത് വാങ്ങിയവരും മിച്ചഭൂമിയുടെ പരിധിയിൽ ഉൾപ്പെട്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ കൃഷിക്കാർ പട്ടയത്തിനുവേണ്ടി കൊടുത്ത ആയിരക്കണക്കിന് അപേക്ഷകൾ അവിടെ നിർബാധം തള്ളിക്കളഞ്ഞിരിക്കുകയാണ്. പക്ഷേ ചില സ്ഥലങ്ങളിൽ ചില ആളുകൾക്ക് പട്ടയം കൊടുത്തിട്ടുമുണ്ട്. നിലവിൽ പട്ടയ നടപടിയിൽ ചില

LIBRARY ARCHIVES Kerala Legislative Assembly